ശ്രീ. പി. പി. ജോർജ് : തെരഞ്ഞെടുപ്പു സംബന്ധിച്ചു എല്ലാ ഒരുക്കങ്ങളും പൂർത്തിയായിട്ടുണ്ടോ ? കഴിഞ്ഞതവണത്തേക്കാൾ കൂടുതലായി എന്തെങ്കിലും ചെയ്യാനുണ്ടോ ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹാജി : കഴിഞ്ഞതവണയും ഈ തവണയും തെരഞ്ഞെടുപ്പു സംബന്ധിച്ചു ചെയ്യാനുള്ള ഒരുക്കങ്ങളും എല്ലാം ഒന്നുതന്നെയാണു്. പ്രത്യേകം ഉദ്യോഗസ്ഥന്മാരെ നിയമിക്കുകയും തെരഞ്ഞെടുപ്പു പട്ടിക പൂർത്തിയാക്കുവാൻ ആവശ്യമായ എല്ലാ നടപടികളും പൂർത്തിയാക്കുവാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ടു്.

(b) Written Answers

പദ്ധതികളുടെ നടത്തിപ്പിൽ കാലതാമസം

* 159. [583] ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: താഴെകാണുന്ന ചോദ്യങ്ങൾക്കു് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായവകുപ്പിലെ പല വൻകിടപദ്ധതികളും നടപ്പാക്കുന്നതിൽ വരുന്ന അമിതമായ കാലതാമസം മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനെന്താണു് കാരണം;

(സി) ഇപ്രകാരമുള്ള കാലതാമസം ഒഴിവാക്കുവാൻ എന്തെങ്കിലും നടപടികൾ കൈക്കൊള്ളുവാൻ ഗവണ്മെന്റു് ഉദ്ദേശിക്കുന്നുണ്ടോ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസ്) (എ) അമിതമായ കാലതാമസം ഉണ്ടായിട്ടുള്ളതായി തോന്നുന്നില്ല.

(ബി. സി) മൻ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

എണ്ണ ലിഗ്നൈറ്റു് നിക്ഷേപങ്ങൾ

* 160. [592] ശ്രീ. ഇ അഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എണ്ണ, ലിഗ്നൈറ്റു് നിക്ഷേപങ്ങളെപ്പറ്റി വല്ല ഗവേഷണവും നടത്തിയിട്ടുണ്ടോ:

(ബി) കണ്ണൂരിലെ ലിഗ്നൈറ്റു് നിക്ഷേപം കുഴിച്ചെടുക്കുന്നതിനു് ഗവണ്മെന്റിനു് വല്ല പരിപാടിയുമുണ്ടോ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസ്)

(എ) എണ്ണയുടെ സർവ്വേ കേന്ദ്ര ഗവണ്മെന്റാണു് നടത്തേണ്ടതു്. ലിഗ്നൈറ്റു് നിക്ഷേപത്തെപ്പറ്റി സർവ്വേ നടത്താൻ ചില വിദഗ്ദ്ധന്മാരെ ചുമതലപ്പെടുത്തിയിട്ടുണ്ടു്:

(ബി) മുകളിൽപറഞ്ഞ സർവ്വേ പൂർത്തിയായതിനുശേഷമേ ഇതേപ്പറ്റി എന്തെങ്കിലും പറയാൻ സാദ്ധ്യമാകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly